പള്ളിക്കൽ പഞ്ചായത്ത് വിഭജനം

1211 [1936] ശ്രീ. സേവ്യർ അറയ്ക്കൽ:

,, വി. ഈച്ചരൻ:

,, തെന്നല ബാലകൃഷ്ണപിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ പള്ളിക്കൽ, പെരിങ്ങനാട് എന്നീ വില്ലേജുകളും ചേർന്നുള്ള പള്ളിക്കൽ പഞ്ചായത്തു വിഭജിക്കുന്നതിനു നിവേദനം കിട്ടിയിട്ടുണ്ടോ;

(ബി) ഇതു സംബന്ധമായി എന്തു നടപടി എടുത്തു?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിഗണനയിലിരിക്കുകയാണ്.

കിഴക്കനോതറ ഗവൺമെൻറ് ഡിസ്പൻസറി

1212 [1937] ശ്രീ. പി. ബി. ആർ. പിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ:

(എ) കിഴക്കനോതറ ഗവൺമെൻറ് ഡിസ്പെൻസറിയോടനുബന്ധിച്ച് ഒരു വാർഡുപണിയുന്നതിനാവശ്യമായ ചെലവിൻെറ പകുതി തദ്ദേശവാസികളും അടയ്ക്കാമെന്ന് കാണിച്ചുകൊണ്ട് ഒരു നിവേദനം ഗവൺമെൻറിനു നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്ന്;

(സി) അതിൻമേൽ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ ഉണ്ടെങ്കിൽ എന്ത്?

ഉത്തരം

(എ) വാർഡുപണിയുന്നതിനുള്ള ചെലവിൻെറ ഒരു വിഹിതം വഹിക്കാൻ തയ്യാറാണെന്ന് കാണിച്ച് ഒരു നിവേദനം കിട്ടിയിട്ടുണ്ട്.

(ബി) 25-10-1977-ൽ.

(സി) വാർഡു പണിയേണ്ടതിൻെറ ആവശ്യകത പരിശോധിച്ചു വരുന്നു. തീരുമാനമായിട്ടില്ല.

മൈനാഗപ്പള്ളി റൂറൽ വാട്ടർ സപ്ലൈ സ്കീം

1213 [1939] ശ്രീ. കല്ലട നാരായണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സഭയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ മൈനാഗപ്പള്ളി റൂറൽ വാട്ടർ സപ്ലൈ സ്കീമിൻെറ എസ്റ്റിമേറ്റ് തുക എത്രയാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതു ആക്സിലറേറ്റഡ് വാട്ടർ സപ്ലൈ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതിന്റെ പണി തുടങ്ങുന്നതിനുള്ള കാല താമസത്തിനു കാരണം വിശദീകരിക്കുമോ?

ഉത്തരം

(എ) 3,09,000 രൂപ (മൂന്നുലക്ഷത്തി ഒൻപതിനായിരം രൂപയാണ്).

(ബി) ഉണ്ട്.

(സി) പണി ഉടൻതന്നെ തുടങ്ങുന്നതാണ്.

ശൂരനാട് സൗത്ത് സംയുക്ത വാട്ടർ സപ്ലൈ സ്കീം

1214 [1940] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ ശാസ്താംകോട്ട ശൂരനാട് സൗത്ത് സംയുക്ത റൂറൽ വാട്ടർ സപ്ലൈ സ്കീമിന്റെ എസ്റ്റിമേറ്റ് തുക എത്രയാണ്;

(ബി) അതിനു അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ നൽകിയോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ;

(ഡി) ഉണ്ടെങ്കിൽ ടെക്നിക്കൽ സാംഗ്ഷൻ നൽകുകയും ടെണ്ടർ വിളിച്ച് പണി തുടങ്ങുകയും ചെയ്യുന്നതിനു സത്വരനടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 51,97,200 രൂപ (അൻപത്തിഒന്നു ലക്ഷത്തി തൊണ്ണൂറ്റിഏഴായിരത്തി ഇരുനൂറു രൂപ) യാണ്.

(ബി) നൽകിയിട്ടുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) പണി തുടങ്ങുന്നതിനുവേണ്ട സത്വര നടപടികളും ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്.

അളഗപ്പനഗർ പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതി

1215 [1944] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അളഗപ്പനഗർ പഞ്ചായത്തിലെ ശുദ്ധജല വിതരണപദ്ധതി ഒട്ടും വെള്ളം കിട്ടാത്ത മണ്ണംപേട്ട കരുവാപ്പടി വരെ ഉടനടി നീട്ടിക്കൊടുക്കാൻ പഞ്ചായത്തു വിഹിതം അടച്ചാൽ പി. എച്ച്. ഇ. ഡി യിൽ നിന്നു നടപടി കൈ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly